**SET-4**

**Series JMS**

**Code No. 12**

Roll No. | | | | | | | |

Candidates must write the Code on the title page of the answer-book.

- ചോദ്യപേപ്പറിൽ അച്ചടിച്ച **8** പുറങ്ങളുമുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുഭാഗത്തു കൊടുതിരിക്കുന്ന കോഡ് നമ്പർ ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.
- ചോദ്യപേപ്പറിൽ **8** ചോദ്യങ്ങൾ ഉണ്ടോയെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- **ഉത്തരമെഴുതുന്നതിനു മുമ്പായി ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**
- ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.
- Please check that this question paper contains **8** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **8** questions.
- **Please write down the Serial Number of the question before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* — *ആകെ മാർക്ക് : 80*

*Time allowed : 3 hours* — *Maximum Marks : 80*

The Question Paper is divided into four sections :

| | |
|---|---|
| Section A : Reading Comprehension | 10 marks |
| Section B : Writing | 16 marks |
| Section C : Grammar | 17 marks |
| Section D : Literature | 37 marks |

## എ വിഭാഗം / SECTION A

**1.** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

ഇത്തവണത്തെ പ്രളയദുരന്തത്തോടൊപ്പം കേരളത്തിലെ പാരിസ്ഥിതിക നിലനില്പിന് ദീർഘകാല പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാൻ പോകുന്ന മറ്റൊരു ദുരന്തവും നാം കണ്ടു. നമ്മുടെ പശ്ചിമഘട്ടത്തിലെമ്പാടുമായി നടന്ന ആയിരക്കണക്കായ ഉരുൾപൊട്ടലുകളും മണ്ണിടിച്ചിലുമാണവ. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി എണ്ണം കൊണ്ടും വ്യാപ്തികൊണ്ടും വളരെ കുടുതലായിരുന്നു ജൂൺമാസം മുതൽ ഓഗസ്റ്റ് വരെയുള്ള കാലയളവിൽ പശ്ചിമഘട്ടമലനിരകളിൽ നടന്ന ഉരുൾ പൊട്ടലുകൾ. സ്വതവേ ദുർബലമായ പശ്ചിമഘട്ട പരിസ്ഥിതിയെയും കേരളത്തിന്റെ മേൽമണ്ണിനെയും കനത്തമഴ തുടച്ചെടുത്ത് കൊണ്ടുപോകുന്ന കാഴ്ച്ചയാണ് നാം കണ്ടത് - മണ്ണും പാറകളും ചേർന്ന മിശ്രിതം ജലപൂരിതാവസ്ഥയിൽ കുന്നിൻചെരുവുകളിൽനിന്ന് അതിവേഗത്തിൽ ശക്തമായി താഴേക്ക് പതിക്കുന്നു. ഇതാണ് ഉരുൾപൊട്ടൽ. മേൽമണ്ണും അതിനോട് ചേർന്നുനിൽക്കുന്ന ജൈവവ്യവസ്ഥകളെയും വാസസ്ഥലങ്ങളെയും അത് പൂർണ്ണമായി പിഴുതുകളയുന്നു. കണ്ണൂർതൊട്ട് പത്തനംതിട്ടവരെയുള്ള പത്ത് ജില്ലകളിൽ 260-ൽ പരം സ്ഥലങ്ങളിലായി ആയിരത്തോളം ഉരുൾപൊട്ടലുകൾ ഈ മൺസൂൺ

കാലത്ത് സംഭവിയ്ക്കുകയുണ്ടായി അതിതീവ്രസ്വഭാവമുള്ള ഉരുൾപൊട്ടലുകളുടെ എണ്ണമാണിത്. നൂറുകണക്കിന് വരുന്ന ജീവനാശത്തിനും ഏക്കർക്കണക്കിനു കൃഷിഭൂമി അപ്രത്യക്ഷമാകുന്നതിനും. നിരവധി വീടുകളുടെ തകർച്ചയ്ക്കും ഇവ കാരണമായി. പ്രത്യക്ഷ ജീവഹാനികൾക്കും സാമ്പത്തിക നഷ്ടങ്ങൾക്കുമപ്പുറം വരാനിരിക്കുന്ന എത്രയോ തലമുറകളെ പ്രതികൂലമായി ബാധിക്കാവുന്നതാണ് ഈ പാരിസ്ഥിതികാഘാതം അതുകൊണ്ട് അവയുടെ കാരണങ്ങളെ ഗൗരവത്തോടെ കാണുകയും തടയിടാനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുകയും ചെയ്യേണ്ടതാണ്.

**ചോദ്യങ്ങൾ :**

(i) പ്രളയ ദുരന്തത്തോടൊപ്പം കേരളം നേരിട്ട പാരിസ്ഥിതികാഘാതങ്ങൾ എന്തെല്ലാം ? *2*

(ii) എന്താണ് ഉരുൾപൊട്ടൽ ? *2*

(iii) കണ്ണൂർ മുതൽ പത്തനം തിട്ടവരെ ഈ മൺസൂൺ കാലഘട്ടത്തിൽ എത്ര ഉരുൾപൊട്ടലുകൾ ഉണ്ടായി ? *1*

(iv) ഉരുൾ പൊട്ടലുകൾ മൂലമുണ്ടായ പാരിസ്ഥിതികാഘാതങ്ങൾ എന്തെല്ലാം ? അവയെ ഗൗരവമായികാണണം എന്ന് പറയുന്നതെന്തുകൊണ്ട് ? *3*

(v) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക. *2*

## ബി വിഭാഗം / SECTION B

**2.** ഏതെങ്കിലും **ഒരു** വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക : *8*

(a) നവകേരളം എങ്ങനെ സാധ്യമാക്കാം.

(b) ഭൂമിയുടെ നിലനില്പിന് പ്ലാസ്റ്റിക് ഉയർത്തുന്ന വെല്ലുവിളി.

(c) മാധ്യമങ്ങൾ യുവജനങ്ങളിൽ ചെലുത്തുന്ന സ്വാധീനം.

**3.** ലഹരി മരുന്നു വ്യാപാരത്തിന്റെ നാടായി മാറുകയാണോ കേരളം എന്ന ആശങ്ക പ്രകടിപ്പിച്ചുകൊണ്ട് പ്രമുഖപത്രത്തിലേയ്ക്ക് കത്ത് തയ്യാറാക്കുക. *8*

## സി വിഭാഗം / SECTION C

**4.** (a) പ്രയോഗം മാറ്റുക. *1×2=2*

(i) നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെകഥ
അവൾ പറയുമായിരുന്നു.

(ii) അയാൾ പാണ്ഡവർക്കു ചൂഡാമണികൊടുത്തു.

(b) അംഗവാക്യം, അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക. *1×2=2*

(i) സാന്താമായി ഒരു മഹാർ ആണെന്നു
മനസ്സിലാക്കിയപ്പോൾ ചെരുപ്പുകുത്തി
ചെരുപ്പുതുന്നാൻ കൂട്ടാക്കിയില്ല.

(ii) ഏറെക്കാലം മകന്റെ സംഭാവനകൊണ്ടു
സുഖിയ്ക്കാൻ കഴിയുന്നതിനു മുൻപ് ആ തള്ള
നിത്യശാന്തിയും തേടി മണ്ണിന്നടിയിലേയ്ക്കുപോയി.

(c) പരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. *1×2=2*

(i) തായ്ത്തടി

(ii) സുഖോദയം

(d) വിഗ്രഹിച്ചെഴുതി സമാസം നിർണ്ണയിക്കുക. *1×2=2*

(i) ഭൃത്യപ്പണി

(ii) കാലാഹി

(e) പര്യായപദങ്ങൾ എഴുതുക. *1×2=2*

(i) മഞ്ഞ്

(ii) പാൽ

(f) നാനാർത്ഥങ്ങൾ എഴുതുക. *1×2=2*

(i) ആഗമം

(ii) നിമിത്തം

(g) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. *1×2=2*

(i) ആകാശത്തിന്റെ ഇരുട്ടിൽ അകലെ ദൂരെയെവിടെയോ വിടരുന്ന പുലരിയുടെ സൂചന.

(ii) തന്റെ ആ നിശ്ചയം നിറവേറ്റുവാൻ അവൾ ഭീമനാൽ പ്രോൽസാഹിപ്പിച്ചു.

**5.** ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക :

(a) വിപരീതപദമെഴുതുക. $\frac{1}{2} \times 2 = 1$

(i) ശുദ്ധം

(വിശുദ്ധം, പരിശുദ്ധം, അശുദ്ധം, നിർമ്മലം)

(ii) ആകർഷണം

(സ്വാധീനം, വികർഷണം, പരാക്രമണം, വശീകരണം)

(b) അർത്ഥവ്യത്യാസം എഴുതുക. $\frac{1}{2} \times 2 = 1$

(i) മേധം - മേധ

(യാഗം, യോഗം, ബുദ്ധി, കൗശലം)

(ii) അണു - അണി

(കായം, കൂട്ടം, അത്യല്പം, അധികം)

(c) എതിർലിംഗം എഴുതുക. $\frac{1}{2} \times 2 = 1$

(i) പക്ഷി

(പക്ഷിണി, പക്ഷിനി, പക്ഷിപതി, പക്ഷീയ)

(ii) കവി

(കവയത്രി, കവിക, കവിത, കവയിത്രി)

## ഡി വിഭാഗം / SECTION D

**6.** ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക : $\frac{1}{2}\times5=2\frac{1}{2}$

(a) (i) ലക്ഷ്മണൻ അത്യധികം കുപിതനായതെന്തുകൊണ്ട് ?

(ശ്രീരാമപട്ടാഭിഷേകം മുടങ്ങിയതറിഞ്ഞ്, തനിക്ക് രാജ്യം ലഭിയ്ക്കാത്തതിനാൽ, രാവണൻ സീതയെ അപഹരിച്ചതറിഞ്ഞ്, ഭരതൻ രാജ്യഭരണം ഏറ്റെടുത്തതിൽ)

(ii) ആധുനിക കവിത്രയത്തിൽ ഉൾപ്പെട്ട കവി

(ജി. ശങ്കരകുറുപ്പ്, വയലാർരാമവർമ്മ, കുമാരനാശാൻ, റഫീക്ക് അഹമ്മദ്)

(iii) ദ്വിഗ്വിജയത്തിനായി പുറപ്പെടുന്ന കുതിര ഏത് ?

(ദൃപ്തരാഷ്ട്ര പ്രതാപം, സർഗ്ഗശക്തി, രാജകീയോന്മത്തസേനകൾ, ആഗമതത്ത്വവേദികൾ)

(iv) ആതിഥ്യശാലയിൽ ശോഭചൊരിയുന്നത് എന്ത് ?

(അമ്മയുടെ എഴുത്തുകൾ, വിദേശത്തുനിർമ്മിച്ച അമ്മയുടെ ബിംബം, കാൽപ്പെട്ടി, നറുക്കിലപ്പുവുകൾ)

(v) വാർദ്ധക്യത്തെ ഉൾക്കൊള്ളാൻ കഴിയാത്ത പുതുതലമുറയുടെ മനോഭാവം വിഷയമാക്കുന്ന റഫീക്ക് അഹമ്മദിന്റെ കവിത.

(തോരാമഴ, പാറയിൽ പണിഞ്ഞത്, സ്വപ്നവാങ്മൂലം, അമ്മത്തൊട്ടിൽ)

(b) (i) ആരാണ് ചൂതസായകൻ. $\frac{1}{2}\times5=2\frac{1}{2}$

(ദേവേന്ദ്രൻ, മഹാവിഷ്ണു, കാമദേവൻ, യമദേവൻ)

(ii) "കുറച്ചുദൂരം ഞങ്ങളൊരുമിച്ചു നടന്നു
ഞാനാനിർദ്ദേശത്തെപ്പറ്റി ആലോചിച്ചുനോക്കിയെങ്കിലും
എനിക്കതു സ്വീകാര്യമായി തോന്നിയില്ല" എന്തായിരുന്നു ആ നിർദ്ദേശം.

(നമുക്ക് പപ്പാതിയെടുക്കാം, അക്കൽകോട്ടിൽ പോയി സിനിമകാണാം, നിനക്കല്ലേ രൂപകിട്ടിയത് നീ ഇരുപതടുത്തോ പത്ത് രൂപഎനിക്ക് തന്നാൽമതി ഞാനാരോടും പറയില്ല, രൂപഹെഡ്മാസ്റ്ററെ ഏൽപ്പിക്കാം ക്ലാസ്സ് ടീച്ചറായ ഹീരെ മറിനെ ഏൽപ്പിക്കാം)

(iii) "മധുരം ഗായതി" ആരുടെ കൃതിയാണ് ?

(ഒ.വി. വിജയൻ, കുട്ടികൃഷ്ണമാരാർ, എസ്.കെ. പൊറ്റേക്കാട്ട്, എ.പി. ഉദയഭാനു)

(iv) പാണ്ഡവരുടെ പാളയത്തിൽ കടന്നുചെന്ന് ശിബിരത്തിൽ എത്തി അറുകൊലനടത്തിയതിനുശേഷം അശ്വത്ഥാമാവ് എവിടെയാണു് ചെന്നുകൂടിയത് ?

(ദാഘവതി നദിയുടെ തീരത്ത്, ഭാഗീരഥീ കച്ഛത്തിൽ ഋഷികളോടുകുടി ഇരുന്നരുളുന്ന കൃഷ്ണദ്വൈപായനന്റെ അടുത്ത്, വിജനപ്രദേശത്ത്, ഹസ്തിനപുരത്തിൽ)

(v) "എനിക്ക് അപ്പോൾ സഹതാപവും തുടർന്നുകൊണ്ട് ഉള്ളിൽ ചിരിയും വന്നു" ചിരിവന്നതെന്തുകൊണ്ട് ?

(മനസ്സുരുകി മരിച്ച മാതാവിന്റെ ജീവിതകഥകൾ അനുസ്മരിച്ചപ്പോൾ, അമ്മയെകാണാൻ മകൻ വന്നതോർത്തപ്പോൾ, തന്റെ ഭാര്യയുടെ നടപടിദൂഷ്യം കണ്ടുപിടിക്കാൻ ആ മടയന് പതിനേഴുകൊല്ലം വേണ്ടിവന്നല്ലോ എന്നോർത്തിട്ട്, മകനു വേണ്ടി എഴുതിയകത്തുകൾ ഒർത്തപ്പോൾ)

**7.** (a) ഉത്തരമെഴുതുക : *4×3=12*

(i) ജീവിതം ക്ഷണികമാണെന്ന് ശ്രീരാമൻ ലക്ഷ്മണനെ ബോധ്യപ്പെടുത്തി കൊടുക്കുന്നതെങ്ങനെ ?

(ii) മനുഷ്യപുരോഗതിയുടെ ചിത്രമാണ് അശ്വമേധം എന്ന വയലാർക്കവിതയിലൂടെ വ്യക്തമാക്കുന്നത് സമർത്ഥിയ്ക്കുക.

(iii) 'അമ്മത്തൊട്ടിൽ' എന്നകവിതയുടെ സാമൂഹിക പ്രസക്തി എന്ത് ?

(b) (i) 'പാണ്ഡവർ നേടിയ വിജയത്തെ വല്ലപാടും നേടിയ വിജയം' എന്ന് വിശേഷിപ്പിച്ചതിന്റെ ഔചിത്യം പരിശോധിയ്ക്കുക. *4×3=12*

(ii) "കടൽ ത്തീരത്ത് എന്ന കഥയുടെ ഏറ്റവും വലിയ സവിശേഷത അതിലെ മൗനങ്ങളാണ്" സമർത്ഥിയ്ക്കുക.

(iii) ശരൺ കുമാർ ലിംബാളെയുടെ ജീവിതാനുഭവങ്ങൾ പാഠഭാഗത്തെ ആസ്പദമാക്കി വിശദീകരിയ്ക്കുക.

**8.** ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക : *4×2=8*

(a) ചട്ടമ്പിസ്വാമികൾക്ക് 'ചട്ടമ്പി' എന്ന വിശേഷണം ലഭിച്ചത് എപ്രകാരമായിരുന്നു ?

(b) ചട്ടമ്പി സ്വാമികളെ സാധാരണക്കാരനായ സന്ന്യാസി എന്ന് വിശേഷിപ്പിച്ചിരിക്കുന്ന തെന്തുകൊണ്ട് ?

(c) ചട്ടമ്പിസ്വാമികളുടെ സമാധിയെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.